47/2//NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
18 /09/2019

**സർക്കുലർ**

നാഷണൽ സർവ്വീസ് സ്കീമിന്റെ സുവർണ്ണ ജൂബിലി ദിനാഘോഷവും സമഗ്ര പ്രഥമ ശുശ്രൂഷ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും 2018-19 അദ്ധ്യയന വർഷത്തെ മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവച്ച യൂണിറ്റ്, പ്രോഗ്രാം ഓഫീസർമാർ, ജില്ലാ കൺവീനർ, വോളണ്ടിയർമാർ എന്നിവർക്കുള്ള അവാർഡ് വിതരണവും എക്സൈസ് വകുപ്പുമായി ചേർന്ന് സംഘടിപ്പിച്ച റാലി എന്നിവയ്ക്കുള്ള അവാർഡ് വിതരണവും ***2019 സെപ്റ്റംബർ 24 തീയതി വൈകുന്നേരം 3 മണിയ്ക്ക് തിരുവനന്തപുരം ജില്ലിയിലെ കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ*** ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി .രവീന്ദ്രനാഥ് നിർവ്വഹിക്കുന്നു. ബഹു. മന്ത്രിമാർ, ജനപ്രതിനിധികൾ, സാമൂഹ്യരംഗത്തെ പ്രമു ഖർ തുടങ്ങിയവർ പ്രസ്തുത ചടങ്ങിൽ പങ്കെടുക്കുന്നു. അവാർഡ് ജേതാക്കളായ മുഴുവൻ യൂണിറ്റുകളും , വോളണ്ടിയർമാരും, പ്രോഗ്രാം ഓഫീസർമാരും ഈ ചടങ്ങിൽ പങ്കെടുക്കേണ്ടതാണ്. അവാർഡ് ജേതാക്കളെ യൂണിറ്റുകൾ അറിയിക്കേണ്ടതും പങ്കെടുപ്പിക്കേണ്ടതുമാണ്. അവാർഡ് ജേതാക്കൾ രണ്ടുമണിയ്ക്ക് മുൻപായി തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട് കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ എത്തിച്ചേരേണ്ടതാണ്.

മേഖലാ കൺവീനർമാർ, ജില്ലാ കൺവീനർമാർ, പിഎസി അംഗങ്ങൾ എന്നിവരെ എൻഎസ്എസ് സുവർണ്ണ ജൂബിലി ദിനാഘോഷത്തിൽ പങ്കെടുക്കാൻ പ്രിൻസിപ്പൽമാർ വിടുതൽ നൽകേണ്ടതാണ്. ഓരോ ജില്ലയിൽ നിന്നും അവാർഡ് വിതരണ ചടങ്ങിൽ പങ്കെടുക്കുന്നവരുടെ എണ്ണം ജില്ലാകൺവീനർമാർ 20/09/2019 ന് 5 മണിയ്ക്ക് മുൻപായി എൻഎസ്എസ് സെല്ലിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ